HON'BLE MR. V. O. MARKOS : (എ) ന കൊല്ലം.

(ബി, സി, ഡി) ആ സ്കീം ഇൻവെസ്റ്റിഗേറ്റുചെയ്യു കഴിഞ്ഞിട്ടുണ്ട്. എസ്റ്റിമേറു പരിശോധനയിലിരിക്കുകയാണ്.

MR. K. A. MATHEW : ദീർഘകാലം അന്വേഷണം നടത്തുന്നതു കൊണ്ടുമാത്രം കൃഷി വർദ്ധനവുണ്ടാകുമെന്നു ഗവണ്മെൻറു വിചാരിക്കുന്നുണ്ടോ ?

HON'BLE MR. V. O. MARKOS : അങ്ങനെ വിചാരമില്ല. അന്വേഷണത്തിന്റെ ഫലമായി പ്രവർത്തനം നടത്തികഴിയുമ്പോൾ കൃഷി വർദ്ധിക്കും.

MR. K. A. MATHEW : അതിന് യാതൊരു പ്രവർത്തനവും നടന്നിട്ടില്ലെന്നറിയാമോ.

HON'BLE MR. V. O. MARKOS : പ്രത്യേക ചില സാഹചര്യങ്ങളിൽ ജോലി നടത്താൻ കഴിഞ്ഞിട്ടില്ല. അതു ബഹുമാനപ്പെട്ട മെമ്പറന്മാക്കുതന്നെ അറിയാവുന്നതാണ്.

MR. K. A. MATHEW : ആ സാഹചര്യങ്ങളം എന്താണെന്നു പറയാൻ മേയുണ്ടാകുമോ?

HON'BLE MR. V. O. MARKOS : വേണ്ടിടത്തോളം സാധനങ്ങളും കറൻറും ലഭിക്കാത്തതാണ് അതിനു കാരണം. ക്രോതെ സ്ഥലത്തിന്റെ പ്രകൃതി അനുസരിച്ചു ലവൽ സർവെചെയ്തു എവിടെയാണ് ലിഫ്റ്റ് ഇറിഗേഷൻ വക്കു തുടങ്ങേണ്ടതെന്നൊക്കെ നോക്കേണ്ടിവരും.

MR. K. A. MATHEW : സാമാനങ്ങളം കിട്ടുന്നതിന് എന്തു നടപടിയാണു സ്വീകരിച്ചിട്ടുള്ളതു്.

HON'BLE MR. V. O. MARKOS : വളരെ മുമ്പുതന്നെ ആവശ്യമുള്ള സാമാനങ്ങൾക്കു് അവ നിർമ്മിക്കുന്ന വിദേശ കമ്പനികൾക്കു് ഓർഡർ കൊടുക്കുകയാണു് ചെയ്യുന്നതു്.

ഡിസ്പെൻസറിയോടനുബന്ധിച്ചു് പ്രസവമുറി.

*163 MR. MANKUZHI M. MADHAVAN : താഴെ കാണുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട മെഡിക്കൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

വക്കല ഡിസ്പെൻസറിയോടനുബന്ധിച്ചു് ഒരു പ്രസവമുറി പണിയിക്കുവാൻ രണ്ടുകൊല്ലമായി ബഡ്ജറ്റിൽ വ്യവസ്ഥചെയ്തിട്ടും നാളതുവരെ അതിന്റെ പണി ആരംഭിക്കാഞ്ഞതിന്റെ കാരണം എന്തു് ?

HON'BLE MR. E. K. MADHAVAN : വക്കല ഡിസ്പെൻസറിയോടനുബന്ധിച്ചു് ഒരു പ്രസവമുറി പണിയിക്കുവാൻ 2 കൊല്ലമായി ബഡ്ജറ്റിൽ പ്രൊവിഷൻ ഉണ്ടെന്നു പറയുന്നതു ശരിയല്ല. എന്നാൽ അതി

LIBRARY ARCHIVES Kerala Legislative Assembly

നവേണ്ടി ഫ്ലവർ–ലെ ബഡ്ജറ്റിൽ ഫ 0,0 0 0 രൂപാ കൊള്ളി ച്ചിട്ടുണ്ടു്. അതിനുവേണ്ട പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ടു്.

MR. MANKUZHI M. MADHAVAN : ഇക്കൊല്ലംതന്നെ അതു പൂർത്തിയാ കുമോ?

HON'BLE MR. E. K. MADHAVAN : പ്രാരംഭ നടപടികൾ ഇപ്പോൾ തന്നെ തുടങ്ങിക്കഴിഞ്ഞിരിക്കുന്നതുകൊണ്ടു ഇക്കൊല്ലംതന്നെ പൂർത്തിയാകു മെന്നു വിശ്വസിക്കാം.

വെയർഹൗസ് ആക്ടു്.

*164. MR. MANKUZHI M. MADHAVAN : താഴെ കാണുന്ന ചോദ്യത്തിനു വെയർഹൗസ് ആക്ടിന്റെ ചാർജ്ജു വഹിക്കുന്ന ബഹുമാനപ്പെട്ടമന്ത്രി സദയം മറുപടി നൽകുമോ?

തിരുവിതാംകൂർ വെയർഹൗസ് ആക്ടു് പ്രയോഗത്തിൽ വരു ത്തുന്നതിനു് എന്തെല്ലാം നടപടികൾ ഗവണ്മെന്റു് സ്വീകരിച്ചിട്ടുണ്ടെന്നു പറയുമോ?

HON'BLE MR. T. K. NARAYANA PILLAI: The provisions of the Act are being implemented. A Warehouse Officer and staff with Head-quarters at Alleppey have been appointed. Licenses have so far been issued to 8 Classifiers and 6 Weighers. Though there were 19 applications for warehouse licenses only 2 applicants have so far furnished the required security and taken out the licenses.

ലോഹമണൽ വ്യവസായം സംബന്ധിച്ചു കിട്ടേണ്ട തുക.

*165. MR. KALATHIL K. VELAYUDHAN NAIR (*Changanacherry* II—*General*) : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വ്യവ സായമന്ത്രി സദയം മറുപടി നൽകുമോ?

(എ) ലോഹമണൽ കയറ്റി അയച്ചതു സംബന്ധിച്ചു് ഏതെ ങ്കിലും കമ്പനികളിൽനിന്നും ഗവണ്മെൻറിലേക്കു് പണം കിട്ടുവാനുണ്ടോ?

(ബി) ഉണ്ടെങ്കിൽ എത്രവീതം കിട്ടുവാനുണ്ടു്?

(സി) ഈ സംഖ്യകൾ എത്ര നാളായിട്ടുള്ള കുടിശികയാണു്?

(ഡി) കുടിശിക ഈടാക്കുന്നതിനു് എന്തു നടപടി നടത്തി യിട്ടുണ്ടു്?

LIBRARY ARCHIVES Kerala Legislative Assembly